11/473/2016

**B**

# പാദവാർഷിക മൂല്യനിർണയം - 2016

## മലയാളം - II

## (അടിസ്ഥാനപാഠാവലി)

സ്റ്റാന്റേർഡ് : X | സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. എന്റെ ചങ്ങാതി എത്തിപ്പോയി. 1

   അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്ന ഭാവം എന്ത്?

   (ആശങ്ക, സഹഭാവം, ആഹ്ലാദം, സഹതാപം)

2. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക. 1

   അപ്പനും മകനും കെട്ടിപ്പിടിച്ചു.

   ആ കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു.

3. ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?) - (അമ്മത്തൊട്ടിൽ)

   ഈ വരിയിലെ ചോദ്യച്ചിഹ്നം ധ്വനിപ്പിക്കുന്നതെന്തെല്ലാം? 2

4. 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
   ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.'

   ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ എഴുതുക. 2

5. 'പൂത്തിരി കത്തിച്ചതുപോലുള്ള മാമ്പൂക്കുല'-

   ഈ വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം സമർഥിക്കുക. 2

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതുക - നാലുസ്കോർ വീതം - അരപ്പുറം** **(5 x 4 = 20)**

6. "എടീ കള്ളീ! നീയത് ഒളിച്ചുമച്ചിരുന്നോ?" 'രണ്ടിടങ്ങഴി'യെ വികാരതീവ്രമായ വായനാനുഭവമാക്കുന്നത് തനിമയാർന്ന വാമൊഴിപ്രയോഗങ്ങളാണ്. ഈ നിരീക്ഷണം യുക്തിപൂർവം സമർഥിക്കുക.

7. "തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാപ്പാഠം

   വിട്ടുപോകില്ല നിന്നെയന്ത്യകാലത്തോളവും" - (ഉള്ളൂർ)

   കവിയുടെ ഈ പ്രതീക്ഷയെ 'അമ്മത്തൊട്ടി'ലിലെ മകന്റെ പ്രവൃത്തിയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക.

8. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?"

ഏതോ വിഷാദസ്വരത്തിൽ അവൻ പറഞ്ഞു.

"ഇല്ലച്ഛമ്മേ, ഒന്നും കേൾക്കില്ല. ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ."

- അമ്മ ആഗ്രഹിക്കുന്ന ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ സന്ദർഭത്തിൽ തെളിയുന്നുണ്ട്?
- കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിശോധിച്ച് സ്വന്തം നിരീക്ഷണം അവതരിപ്പിക്കുക.

9. "വീടിനെ വീടാക്കി മാറ്റുന്നത് അതിലെ സ്നേഹത്തിന്റെ കെട്ടുറപ്പാണ്." (യു.കെ. കുമാരൻ)

ഈ നിരീക്ഷണത്തെ അടിസ്ഥാനമാക്കി 'ഓരോ വിളിയും കാത്ത്' എന്ന കഥയുടെ വായനാനുഭവം കഥാകൃത്തിനെ അറിയിക്കുന്നതിനുള്ള കത്ത് തയാറാക്കുക.

10. "മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ"
അമ്മയുടെ ദൈന്യം വായനക്കാരന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന വാങ്മയചിത്രമായാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മങ്ങിപ്പഴകിയ പിഞ്ഞാണവും അമ്മയുടെ കണ്ണുകളും തമ്മിലുള്ള സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കുക.

11. "കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്, മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു."

- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'കൊച്ചുചക്കരച്ചി.' പ്രസ്താവന വിലയിരുത്തി കുറിപ്പു തയാറാക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക - ആറു സ്കോർ വീതം** **(2 x 6 = 12)**

12. "ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ." (ഓരോ വിളിയും കാത്ത്).

"എങ്ങിനിക്കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ ......" (അമ്മത്തൊട്ടിൽ)
രണ്ടു രചനകളിലെയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് വാർധക്യത്തോടുള്ള പുതുതലമുറയുടെ മനോഭാവത്തെക്കുറിച്ച് ലഘുപ്രഭാഷണം തയാറാക്കുക.

13.
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?
- എന്തിനായിത്? നാഴി അരി അല്ല്യോ മച്ചുള്ളൂ? നീ കുടി.
- അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.

മുകളിൽ കൊടുത്ത സൂചനകളും ഉചിതമായ കഥാസന്ദർഭങ്ങളും പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

14. 'ജീവിതം പടർത്തുന്ന വേരുകൾ' എന്ന യൂണിറ്റിലെ രചനകൾ മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകളാണല്ലോ നൽകുന്നത്. രചനകൾ വിശകലനം ചെയ്ത് 'മനുഷ്യബന്ധങ്ങൾ സാഹിത്യകൃതികളിൽ' എന്ന വിഷയത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക. (ഒരുപുറം)